REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 21-04-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- CBI യും, എൻഫോഴ്‌സ്‌മെന്റ് ഡയറക്‌ടറേറ്റുമടക്കം കേന്ദ്ര ഏജൻസികളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ലോക്‌സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് സംസ്ഥാനത്ത് ഇന്നുൾപ്പെടെ നാലു ദിവസം മാത്രം ശേഷിക്കെ പ്രചാരണം കത്തിക്കയറുകയാണ്.
- സംസ്ഥാനത്ത് 12 പേർക്കെതിരെ വ്യാജ പ്രചാരണത്തിൽ നിയമനടപടിയെടുക്കാൻ നിർദ്ദേശം നൽകിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- ഇന്ന് മഹാവീർ ജയന്തി. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ജയന്തി ആശംസകൾ നേർന്നു.
- ISL ഫുട്ബോൾ പ്ലേ ഓഫിലെ അവസാന മത്സരത്തിൽ ചെന്നൈയിൻ FC യ്ക്കെതിരെ ഗോവയ്ക്ക് വിജയം.

## വാർത്തകൾ വിശദമായി

**CBI യും, എൻഫോഴ്‌സ്‌മെന്റ് ഡയറക്‌ടറേറ്റുമടക്കം കേന്ദ്ര ഏജൻസികളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണമെന്നും, ഗവൺമെന്റോ രാഷ്ട്രീയക്കാരോ അതിൽ ഇടപെടാൻ പാടില്ലെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കേന്ദ്ര ഏജൻസികളെ ഗവൺമെന്റ് ദുരുപയോഗം ചെയ്യുകയാണെന്ന ആരോപണം നിഷേധിച്ച പ്രധാനമന്ത്രി, അവർ അവരുടെ ജോലി മാത്രമാണ് ചെയ്യുന്നതെന്നും പ്രധാനമന്ത്രിയ്ക്കു പോലും അതിലിടപെടാൻ അധികാരമില്ലെന്നും**

അദ്ദേഹം വ്യക്തമാക്കി. 2014ൽ 84 തെരച്ചിൽ മാത്രം നടത്തിയ എൻഫോഴ്സ്മെന്റ് വകുപ്പ്, അതിനുശേഷം ഏഴായിരത്തിലേറെ തെരച്ചിൽ നടത്തിയത് ഏജൻസിയുടെ കാര്യക്ഷമതയ്ക്ക് തെളിവാണെന്ന് ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

രാജ്യത്തെ ഏറ്റവും ഉന്നത പദവിയിലിരുന്ന് അതിന്റെ അധികാരവും സ്ഥാനമാനവും ആസ്വദിക്കുന്ന ഒരാളല്ല താനെന്നും, ഭരണാധികാരിയല്ല, ജനസേവകനാണ് താനെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് സംസ്ഥാനത്ത് ഇന്നുൾപ്പെടെ നാലു ദിവസം മാത്രം ശേഷിക്കെ പ്രചാരണം കത്തിക്കയറുകയാണ്. മൂന്ന് മുന്നണികളുടെയും പ്രമുഖ ദേശീയ - സംസ്ഥാന നേതാക്കൾ പ്രചാരണത്തിന്റെ മുൻനിരയിലുണ്ട്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ് ).......

NDA യ്ക്കു വേണ്ടി ഇന്നലെ BJP തമിഴ്നാട് സംസ്ഥാന പ്രസിഡണ്ട് അണ്ണാമല പാലക്കാട്ട് റോഡ്ഷോ നടത്തി. മലപ്പുറം വാഴക്കാട് എടവണ്ണപ്പാറയിൽ രാവിലെ NDA ലീഡേഴ്സ് മീറ്റിൽ കേന്ദ്രമന്ത്രി V.K സിംഗ് പങ്കെടുക്കും.

CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയും, CPI ദേശീയ ജനറൽ സെക്രട്ടറി D രാജയും ഇന്നലെ വിവിധ തിരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പങ്കെടുത്തു.ഇന്ന് യെച്ചൂരി തിരുവനന്തപുരത്ത് പ്രചാരണം നടത്തും. CPIM പൊളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് ഇന്നലെ കണ്ണൂരിൽ പ്രചാരണത്തിൽ പങ്കെടുത്തു. ഇന്ന് കോഴിക്കോട് എത്തുന്നുണ്ട്.

AICC ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഇന്നലെ തിരുവനന്തപുരം ഉൾപ്പെടെ മണ്ഡലങ്ങളിൽ പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു. മുൻ കേന്ദ്രമന്ത്രി P ചിദംബരം ഇന്ന് തിരുവനന്തപുരത്ത് പ്രചാരണത്തിനെത്തും.

പ്രചാരണത്തിന്റെ അവസാന ഘട്ടത്തിൽ വോട്ടർമാരെ നേരിൽ കണ്ട് വോട്ട് ഉറപ്പിക്കുന്ന തിരക്കിലാണ് സ്ഥാനാർത്ഥികളും പ്രവർത്തകരും.

✪✪✪

കോൺഗ്രസ് അധികാരത്തിലെത്തിയാൽ പൗരത്വ ഭേദഗതി നിയമം റദ്ദാക്കുമെന്ന് AICC ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി പറഞ്ഞു. തിരുവനന്തപുരത്ത് UDF സ്ഥാനാർത്ഥിയുടെ റോഡ് ഷോയിൽ പങ്കെടുത്ത ശേഷം പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. മുഖ്യമന്ത്രി പിണറായി വിജയനെതിരെ തെളിവുകൾ ഉണ്ടായിട്ടും എന്ത് കൊണ്ട് ED അദ്ദേഹത്തെ ചോദ്യം ചെയ്യുന്നില്ല എന്നും പ്രിയങ്ക ഗാന്ധി ചോദിച്ചു.

✪✪✪

കേരളത്തിൽ UDF ലോക്സഭാ സീറ്റുകൾ തൂത്തുവാരുമെന്ന് മുസ്ലീം ലീഗ് ദേശീയ ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഭരണമാറ്റം ആഗ്രഹിക്കുന്ന ജനങ്ങളാണ് കേരളത്തിലേതെന്നും, അത്രയേറെ അസംതൃപ്തരാണ് അവരെന്നും അദ്ദേഹം വിലയിരുത്തി. കോഴിക്കോട്ടെ UDF സ്ഥാനാർത്ഥിയുടെ പര്യടന സമാപന സമ്മേളനം കുന്ദമംഗലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു കുഞ്ഞാലിക്കുട്ടി.

✪✪✪

കേരളത്തിൽ UDF ന് കൊടുക്കുന്ന വോട്ട് BJP യ്ക്ക് കൊടുക്കുന്ന വോട്ടിന് തുല്ല്യമാണെന്ന് CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ആലപ്പുഴയിൽ പറഞ്ഞു. BJP യെയും വർഗീയതയെയും കോൺഗ്രസ് എതിർക്കുന്നില്ല. അതിനു പകരം മുഖ്യമന്ത്രിയെ എന്തുകൊണ്ട് അറസ്റ്റു ചെയ്യുന്നില്ല എന്നാണ് അവർ ചോദിക്കുന്നതെന്ന് യെച്ചൂരി കുറ്റപ്പെടുത്തി. പൗരത്വ നിയമ ഭേദഗതിക്കെതിരെ വ്യക്തമായ നിലപാടെടുത്തതും, അതിനെതിരെ പോരാടുന്നതും CPIM മാത്രമാണ്. പ്രതിഷേധങ്ങളിൽ ആദ്യം അറസ്റ്റിലായതും പാർട്ടി പ്രവർത്തകരാണ്. ഈ വിഷയത്തിൽ ചില പ്രതിപക്ഷ നേതാക്കൾ ഇപ്പോഴും മൗനം പാലിക്കുകയാണെന്നും യെച്ചൂരി പറഞ്ഞു.

സീതാറാം യെച്ചൂരി രാവിലെ തിരുവനന്തപുരത്ത് LDF സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ പങ്കെടുക്കും.

✪✪✪

കേരളത്തിൽ കർണാടകയും തെലങ്കാനയും ഉൾപ്പടെ സംസ്ഥാനങ്ങളിൽ നിന്ന് നേതാക്കളെ കൊണ്ടുവന്ന് കോൺഗ്രസ് ഇടതു പക്ഷത്തിനെതിരെ സംസാരിക്കുകയാണെന്ന് CPI ദേശീയ ജനറൽ

സെക്രട്ടറി D.രാജ ആരോപിച്ചു. മുഖ്യമന്ത്രി പിണറായി വിജയനെ അറസ്റ്റു ചെയ്യണമെന്നാണ് UDF ആവശ്യപ്പെടുന്നത്. വിശാല ഇന്ത്യ സഖ്യത്തിനായി ഇടതുപക്ഷത്തോടൊപ്പം പ്രവർത്തിക്കുന്ന കോൺഗ്രസ് നേതാക്കൾ കേരളത്തിൽ ഇടതുപക്ഷത്തോട് മത്സരിക്കുന്നതിലൂടെ എന്ത് സന്ദേശമാണ് നൽകുന്നതെന്ന് മാനന്തവാടിയിൽ LDF പ്രചാരണ പൊതുയോഗത്തിൽ D രാജ ചോദിച്ചു.

✪✪✪

കേരളത്തിലെ എല്ലാ ലോക്സഭാ മണ്ഡലങ്ങളിലും LDF അനുകൂല തരംഗമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വടകര ലോക്സഭാ മണ്ഡലം LDF തെരഞ്ഞെടുപ്പ് പൊതുയോഗം കൊയിലാണ്ടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ പൊതു വിഷയങ്ങളിൽ UDF ന്റെ 18 MP മാരും പാർലമെന്റിൽ ആവശ്യങ്ങൾ ഉന്നയിക്കാനോ, സംയുക്തമായി നിവേദനം നൽകാനോ തയ്യാറായില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ നരേന്ദ്ര മോദി ഗവൺമെന്റ് വിജയിച്ചെന്ന് BJP സംസ്ഥാന വക്താവ് V.P ശ്രീപത്മനാഭൻ പറഞ്ഞു. വടകര NDA സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. NDA യുടെ 10 വർഷം എല്ലാ മേഖലയിലും പുരോഗതിയും, വളർച്ചയും ഉണ്ടായ കാലമാണെന്ന് ശ്രീപത്മനാഭൻ പറഞ്ഞു.

✪✪✪

തൃശൂർപൂരം തടയാൻ ശ്രമിച്ച പൊലീസ് നടപടി രാഷ്ട്രീയ വിഷയമല്ലെന്നും പ്രതിപക്ഷ നേതാവ് ഇതിൽ മുതലെടുപ്പിന് ശ്രമിക്കുകയാണെന്നും മുതിർന്ന BJP നേതാവ് കുമ്മനം രാജശേഖരൻ കുറ്റപ്പെടുത്തി. സംഭവത്തെ വസ്തുനിഷ്ഠമായി കാണാൻ ശ്രമിക്കാതെ ജനങ്ങളെ വെല്ലുവിളിയ്ക്കുന്ന സമീപനമാണ് സതീശൻ സ്വീകരിച്ചത്. പൂരം തടയാൻ ശ്രമിച്ച പൊലീസ് നടപടി ആരാധനാ സ്വാതന്ത്ര്യത്തിന്റെ ധ്വംസനമാണെന്നും മലപ്പുറത്ത് ലോക്സഭാ മണ്ഡല തിരഞ്ഞെടുപ്പ് പ്രകടന പത്രിക പ്രകാശന ചടങ്ങിൽ കുമ്മനം പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് 12 പേർക്കെതിരെ വ്യാജ തിരഞ്ഞെടുപ്പ് പ്രചാരണം നടത്തിയതിന് നിയമനടപടിയെടുക്കാൻ പൊലീസിന് നിർദ്ദേശം

നൽകിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ തട്ടിപ്പാണെന്ന തരത്തിൽ വ്യാജ പ്രചാരണം നടത്തിയതിന് 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്).....

വ്യാജ പ്രചാരണങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് പൊലീസിന്റ സാമൂഹ്യമാധ്യമ നിരീക്ഷണ സംഘങ്ങൾക്ക് വിവരം നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. ഹോം വോട്ടിംഗിനിടെ കോഴിക്കോട് പെരുവയലിൽ ആളുമാറി വോട്ടുചെയ്ത സംഭവത്തിൽ നാല് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉത്തരവിട്ടു. ഡ്യൂട്ടിയിലുണ്ടായിരുന്ന സ്പെഷ്യൽ പോളിംഗ് ഓഫീസർ, പോളിംഗ് ഓഫീസർ, മൈക്രോ ഒബ്സർവർ, ബൂത്ത് ലെവൽ ഓഫീസർ എന്നിവർക്കാണ് സസ്പെൻഷൻ. 91 കാരി ജാനകിയമ്മയുടെ വോട്ട്, വേറൊരു ജാനകിയമ്മ ചെയ്യാനിടയായ സംഭവത്തിലാണ് നടപടി.

ഹോം വോട്ടിംഗിൽ ആളുമാറി വോട്ടു ചെയ്യാനനുവദിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കണമെന്ന് BJP ജില്ലാപ്രസിഡണ്ട് V K സജീവൻ ആവശ്യപ്പെട്ടു.

✪✪✪

തിരുവനന്തപുരം ജില്ലയിൽ പ്രചാരണം അന്തിമ ഘട്ടത്തിലാണ്. മൂന്നു മുന്നണികളുടെയും സ്ഥാനാർത്ഥികളുടെ പര്യടനം അണികളിൽ ആവേശം നിറച്ചാണ് മുന്നേറുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രജു കോലിയക്കോട്.

........(വോയ്സ്).......

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കൊച്ചിയിൽ സ്വീപ്പിന്റെ ആഭിമുഖ്യത്തിൽ സൈക്കിൾ റാലിയും ഫ്ലാഷ് മോബും സംഘടിപ്പിച്ചു.

സൈക്ലർ അരുൺ തഥാഗത് നേതൃത്വം നൽകുന്ന സൈക്കിൾ റാലി 3 ദിവസം കൊച്ചി നഗരത്തിൽ പര്യടനം നടത്തും.

✪✪✪

മഞ്ചേശ്വരം, കാസർകോട്, ഉദുമ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ഇന്ന് നിശ്ചയിച്ചിരുന്ന ഹോം വോട്ടിംഗ് നാളത്തേക്ക് മാറ്റിയതായി വരണാധികാരി അറിയിച്ചു. എന്നാൽ കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, പയ്യന്നൂർ, കല്ല്യാശേരി മണ്ഡലങ്ങളിൽ ഇന്ന് ഹോം വോട്ടിംഗ് ഉണ്ടായിരിക്കും.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിൽ കാസർകോട്ട് കേൾവി പരിമിതർക്കായി ആംഗ്യ ഭാഷാ വിഡിയോ കോൾ സംവിധാനം ഒരുക്കി. ഇവരുടെ സംശയങ്ങൾക്കും പരാതികൾക്കും മറുപടി നൽകാനാണ് സംവിധാനമെന്ന് ഇലക്ഷൻ കൺട്രോൾ റൂം ചാർജ് ഓഫീസർ ആദിൽ മുഹമ്മദ് അറിയിച്ചു. നാളെ മുതൽ ഈ മാസം 25 വരെ ഈ സേവനം ലഭ്യമാകും.

✪✪✪

ഇന്ന് മഹാവീർ ജയന്തി. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ജയന്തി ആശംസകൾ നേർന്നു.

രാവിലെ പ്രധാനമന്ത്രി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഭഗവാൻ മഹാവീർ നിർവാൺ മഹോത്സവം ഉദ്ഘാടനം ചെയ്യും. സ്മരണിക സ്റ്റാമ്പും നാണയവും ചടങ്ങിൽ നരേന്ദ്രമോദി പ്രകാശനം ചെയ്യും.

✪✪✪

ISL ഫുട്ബോൾ പ്ലേ ഓഫിലെ അവസാന മത്സരത്തിൽ ചെന്നെയിൻ FC യ്ക്കെതിരെ ഗോവയ്ക്ക് വിജയം. ഗോവയിലെ മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളിനാണ് ഗോവ ചെന്നൈയെ തകർത്തത്.

സെമിഫൈനൽ മത്സരങ്ങൾ ചെവ്വാഴ്ച്ച ആരംഭിക്കും. ആദ്യ മത്സരത്തിൽ ഒഡിഷ FC, ATK മോഹൻ ബഗാനെ നേരിടും.

✪✪✪

ഡൽഹിയിൽ IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് ഡൽഹി കാപിറ്റൽസിനെ 67 റൺസിന് പരാജയപ്പെടുത്തി.

ഇന്ന് രണ്ടു മത്സരങ്ങളുണ്ട്. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ വൈകിട്ട് മൂന്നരയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ബെംഗലൂരു റോയൽ ചലഞ്ചേഴ്സിനെ നേരിടും. ചണ്ഡീഗഡിൽ വൈകിട്ട് ഏഴരയ്ക്ക്, പഞ്ചാബ് കിംഗ്സും ഗുജറാത്ത് ടൈറ്റൻസും ഏറ്റുമുട്ടും.

✪✪✪

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് ഇന്ന് കൊടിയിറങ്ങും. പുലർച്ചെ പള്ളിക്കുറുപ്പ് ദർശനമുൾപ്പെടെ ചടങ്ങുകൾ പൂർത്തിയായി. വൈകിട്ട് 5-ന് ആറാട്ട് ചടങ്ങുകൾ തുടങ്ങും. ദീപാരാധനയ്ക്കുശേഷം ഗരുഡ വാഹനത്തിൽ മൂർത്തികളെ എഴുന്നള്ളിച്ച് ശംഖുമുഖത്തേക്ക് കൂടിയാറാട്ടിനായി ഘോഷയാത്ര ആരംഭിക്കും. ആറാട്ടിനുശേഷം എഴുന്നള്ളത്ത് രാത്രി ക്ഷേത്രത്തിൽ തിരിച്ചെത്തുന്നതോടെ ഉത്സവത്തിന് കൊടിയിറങ്ങും. ആറാട്ടിന്റെ ഭാഗമായി വൈകിട്ട് 4 മുതൽ 9 വരെ വിമാനത്താവളം അടച്ചിടും.

✪✪✪

സംസ്ഥാനത്ത് ഇന്നും നാളെയും ചിലയിടങ്ങളിൽ ഇടിമിന്നലോടെ മഴയ്ക്കും 40 കിലോ മീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.അതേ സമയം താപനില ഉയരുന്നതിനാൽ ഇന്ന് 10 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്

✪✪✪